# തിരുവനന്തപുരം ലത്തീൻ അതിരൂപത

## പ്ലാറ്റിനം ജൂബിലി വർഷം 2011- 2012



Latin Archbishop's House, Vellayambalam, P.B.No. 805, Thiruvananthapuram, Kerala 695003.
Phone: 0471-2724001, Fax: 0471-2725001; E-mail: bpsoosa@md4.vsnl.in ;
Website: www.latinarchdiocesetrivandrum.org

# അതിരൂപതയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ,/ അങ്ങയുടെ പുത്രനായ/ യേശുവിനോടും/പരിശുദ്ധാത്മാവിനോടുമൊപ്പം/ അങ്ങയെ ഞങ്ങൾ/സ്തുതിക്കുകയും/ ആരാധിക്കുകയും/ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. അങ്ങയുടെ പ്രിയപുത്രനായ/ യേശുവിനെ ശ്രവിക്കുവാനും/ യേശുവിനോടൊപ്പം/ അങ്ങയുടെ തിരുമനസ്സ്/ നിറവേറ്റുവാനും/ യേശുവിൽ ഒരു സ്നേഹസമൂഹമായി/ വളരുവാനും/അങ്ങ് തിരഞ്ഞെടുത്ത്/ വിശുദ്ധീകരിച്ച/ അവിടുത്തെ ശിഷ്യഗണമായ/ ഞങ്ങളെ/ തൃക്കൺപാർക്കേണമേ./ സ്നേഹത്തിന്/സാക്ഷ്യം വഹിക്കുന്നതിനു പകരം/ ദുർമാതൃകകൾ നൽകിയ/ അവസരങ്ങളെയോർത്ത്/ അങ്ങയോടു ഞങ്ങൾ/ മാപ്പു ചോദിക്കുന്നു./ എല്ലാ തിന്മകളെയും/ അതിജീവിച്ച്/ സമഗ്ര വിമോചനത്തിന്റെ/ സുവിശേഷമായി/ സ്നേഹത്തിലും/ സാഹോദര്യത്തിലും വളരുവാൻ/ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ/ ഞങ്ങളുടെ അതിരൂപതയെ/ അങ്ങ് സമ്പന്നമാക്കേണമേ. പരിശുദ്ധ പിതാവിനെ/അനുഗ്രഹിക്കണമേ./ ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനെ/ ശക്തിപ്പെടുത്തേണമേ./ എല്ലാ വൈദികരെയും/ സന്യാസിനി സന്യാസികളെയും/ വിശുദ്ധീകരിക്കേണമേ./ ഞങ്ങളിൽ/വിശ്വാസ ചൈതന്യവും/ ശുശ്രൂഷാ മനോഭാവവും/ ആഴമാക്കേണമേ./ ജാതി മത ഭേദമന്യേ/ എല്ലാവരെയും/ സുവിശേഷ ചൈതന്യത്താൽ/ പ്രകാശിപ്പിക്കേണമേ./ അതിരൂപതയിലെ എല്ലാ സംവിധാനങ്ങളെയും/ കർമ്മപരിപാടികളെയും/ആശീർവദിക്കേണമേ./ എല്ലാവർക്കും ജീവനുണ്ടാകുവാനും/ അത് സമൃദ്ധമായുണ്ടാകുവാനും വേണ്ടി/ യേശുവിന്റെ/ സ്നേഹത്തിന്റെയും/ സേവനത്തിന്റെയും/ ദൗത്യം തുടരുവാൻ/ ഞങ്ങളെ പ്രാപ്തരാക്കേണമേ.

പരിശുദ്ധ മറിയമേ,/ ഞങ്ങളുടെ സ്വർഗ്ഗീയ മാതാവേ,/ ഞങ്ങളെല്ലാം/ യേശുവിന്റെ ശിഷ്യരും/ സുവിശേഷ സാക്ഷികളുമായിത്തീരുവാൻ/ ഞങ്ങൾക്കുവേണ്ടി/ പ്രാർത്ഥിക്കേണമേ.

വിശുദ്ധ കൊച്ചുത്രേസ്യായേ,/ വിശുദ്ധ ഫ്രാൻസിസ് സേവ്യറേ,/ വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായേ,/ ഞങ്ങൾക്കു വേണ്ടി/ അപേക്ഷിക്കണമേ./ ആമ്മേൻ